(എ) സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.എസ്.സി. വഴിയോ എക്സ്ചേഞ്ച് മുഖേനയോ ജീവനക്കാരെയും അദ്ധ്യാപകരേയും നിയമിക്കാതെ കരാർ/ദിവസക്കൂലി നിയമനങ്ങൾ നടത്തുന്നതിനാൽ പട്ടികജാതി വിഭാഗക്കാർക്ക് അർഹമായ തൊഴിൽ സംവരണത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന വിവരം അറിയിക്കുമോ ;

(ബി) പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ ഒഴിവാക്കുവാനും അല്ലാത്തപക്ഷം കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

വിജ്ഞാൻവാടി നിർമ്മാണം

285 (2841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ കൊരട്ടി പഞ്ചായത്തിലെ സ്നേഹ നഗർ കോളനിയിൽ വിജ്ഞാൻവാടി കേന്ദ്രം നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി കോളനികളിലെ അടിസ്ഥാന വർഗ്ഗത്തിനായി അനുവദിച്ച ഈ പദ്ധതിയുടെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിർവ്വഹണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടെണ്ടർ നടപടിക്രമങ്ങളിലുണ്ടായ കാലതാമസം മൂലമാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കാതെ വന്നത്.

കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയതായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

പിന്നോക്ക വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം

286 (2842) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി സഹായം നൽകുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ് ;

(സി) ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) 2013-14 വർഷം.

(സി) 8 പേർക്ക്.

(ഡി) പരമാവധി 10 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly